കേരളത്തിൽ, കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ നടപ്പാക്കുന്ന പദ്ധതികൾ തയ്യാറാക്കുന്നതിനുവേണ്ട നടപടികൾ കൈക്കൊള്ളുന്നതിനും അവയുടെ നിർവ്വഹണം നിരീക്ഷിക്കുന്നതിനുംവേണ്ടി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായിട്ടുള്ള ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ഉണ്ട്.

(ഇ) പ്രവർത്തിക്കാറുണ്ട്.

എം.പി.-മാരുടെ യോഗങ്ങൾ

3 (2954) ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരളത്തിന്റെ വികസനകാര്യങ്ങൾ ചർച്ച ചെയ്യുവാനും പാർലമെന്റിലും കേന്ദ്രത്തിലും സമ്മർദ്ദം ചെലുത്തുവാനുമായി എം.പി.മാരുടെ എത്ര യോഗങ്ങൾ വിളിച്ചുകൂട്ടിയിട്ടുണ്ടെന്നു അറിയിക്കാമോ ;

(ബി) ഈ യോഗങ്ങളിൽ എം.പി.മാർ എല്ലാവരുംതന്നെ സ്ഥിരമായി പങ്കെടുക്കാറുണ്ടോ എന്നു വ്യക്തമാക്കുമോ ;

(സി) പ്രസ്തുത യോഗങ്ങളിലെ പ്രധാനപ്പെട്ട തീരുമാനങ്ങളും ശുപാർശകളും എന്തായിരുന്നുവെന്നും ഇവയിലേതെല്ലാം ലക്ഷ്യപ്രാപ്തിയിലെത്തിയെന്നും വ്യക്തമാക്കാമോ ;

(ഡി) ഭക്ഷ്യ എണ്ണകളുടെ ഇറക്കുമതി ചുങ്കം കൂട്ടുക, റബ്ബറിന്റെ അഡ്വാൻസ് ലൈസൻസ് പ്രകാരമുള്ള ഇറക്കുമതി നിരോധിക്കുക, റബ്ബറിനേയും കയറിനേയും കാർഷികോല്പന്നങ്ങളായി പ്രഖ്യാപിക്കുക, കണ്ടെയിനർ ടെർമിനൽ സ്ഥാപിക്കുക, ദേശീയ കോറിഡോർ റോഡ് പദ്ധതിയിൽ കേരളത്തെയും ബന്ധപ്പെടുത്തുക, കേരളത്തിലെ റെയിൽപാതകൾ ഇരട്ടിപ്പിക്കുക, തിരുവനന്തപുരത്തു ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുക എന്നിവയിലോരോന്നിലും സംസ്ഥാന സർക്കാരിന്റെ നിർദ്ദേശങ്ങൾ കേന്ദ്രം സ്വീകരിച്ചിട്ടുള്ള നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഏഴ് യോഗങ്ങൾ.

(ബി) ഭൂരിഭാഗം എം.പി.മാരും പങ്കെടുക്കാറുണ്ട്.

(സി) കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്ന് പരിഹാരം നേടുവാൻ തീരുമാനിച്ച പ്രശ്നങ്ങളിൽ പ്രധാനപ്പെട്ടവ അനുബന്ധമായി ചേർത്തിരിക്കുന്നു. ഇവയിൽ ചില ആവശ്യങ്ങളും പദ്ധതികളും ഇതിനകം അനുവദിക്കുകയും മറ്റു ചിലത് സമയബന്ധിതമായി തീർപ്പാക്കാമെന്നുള്ള ഉറപ്പ് സംസ്ഥാനത്തിന്

LIBRARY ARCHIVES Kerala Legislative Assembly

ലഭിക്കുകയും ചെയ്തിട്ടുണ്ട്. കാലവർഷക്കെടുതിമൂലം ബുദ്ധിമുട്ട് അനുഭവിക്കുന്നവർക്കും പട്ടികവർഗ്ഗക്കാർക്കും തോട്ടം തൊഴിലാളികൾക്കും രണ്ടാഴ്ചക്കാലം സൗജന്യ റേഷൻ നൽകുന്നതിന് 25,000 മെട്രിക് ടണ്ണും വരൾച്ച ദുരിതാശ്വാസ പ്രവൃത്തികൾക്ക് എസ്.ജി.ആർ.വൈ. (സ്പെഷ്യൽ കമ്പോണന്റ്) പ്രകാരം 'ഫുഡ് ഫോർ വർക്ക്' സ്കീമിൽ ഉൾപ്പെടുത്തി 42,000 മെട്രിക് ടൺ അരിയും അനുവദിച്ചു. വല്ലാർപാടം അന്തർദേശീയ കണ്ടെയിനർ ടെർമിനൽ പ്രോജക്ടിന്റെ പണി 2003-ൽത്തന്നെ ആരംഭിക്കുമെന്ന ഉറപ്പ് കോട്ടയം-ആലപ്പുഴ റെയിൽപ്പാത ഇരട്ടിപ്പിക്കലിന് 8 കോടി രൂപ, കോഴിക്കോട്-മംഗലപുരം പാതയ്ക്ക് 25 കോടി രൂപയും ഷൊർണ്ണൂർ-കോഴിക്കോടിന് 30 കോടി രൂപയും നടപ്പു വർഷത്തെ റയിൽവേ ബഡ്ജറ്റിൽ ഉൾപ്പെടുത്തി, പഴം, പച്ചക്കറി എക്സ്പോർട്ട് സോണിന് കേന്ദ്ര സർക്കാരിന്റെ അനുമതി തുടങ്ങിയവ ഇതിനകം ലഭിച്ചിട്ടുണ്ട്†.

(ഡി) ഇവയിൽ മിക്ക പ്രശ്നങ്ങളിലും അനുഭാവപൂർവ്വമായ നിലപാടാണ് കേന്ദ്രസർക്കാർ സ്വീകരിച്ചുവരുന്നത്.

എം.എൽ.എ.-മാരോടും എം.പി.-മാരോടുമുള്ള സർക്കാർ ജീവനക്കാരുടെ പെരുമാറ്റം സംബന്ധിച്ച ഉത്തരവുകൾ

4 (2955) ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെക്രട്ടറിമാരും വകുപ്പ് തലവൻമാരും ഉൾപ്പെടെയുള്ള സർക്കാർ ജീവനക്കാർ, എം.എൽ.എ.മാർ, എം.പി.മാർ എന്നിവരോട് പെരുമാറുമ്പോൾ പാലിക്കേണ്ട മര്യാദകൾ സംബന്ധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എന്നാണ് ;

(സി) ആയതിന്റെ കോപ്പി മേശപ്പുറത്ത് വയ്ക്കുമോ ;

(ഡി) ആയതിന് മറ്റ് ഏതെല്ലാം ഉത്തരവുകളുമായി ബന്ധമുണ്ട് ; അവയുടെ കോപ്പികൾ കൂടിമേശപ്പുറത്ത് വയ്ക്കുമോ ;

(ഇ) ഇത്തരത്തിൽ നടപ്പാക്കിയ പെരുമാറ്റ രീതികൾ ജീവനക്കാർ പാലിക്കാറുണ്ടോ ; പാലിക്കപ്പെടുന്നുവെന്ന് സർക്കാർ ഉറപ്പാക്കാറുണ്ടോ ;

(എഫ്) ഈ ഉത്തരവ് മുഖ്യമന്ത്രി ഉൾപ്പെടെയുള്ള എല്ലാ മന്ത്രിമാരുടെയും ഓഫീസുകളിലെ ജീവനക്കാർക്ക് ബാധകമാക്കിയിട്ടുണ്ടോ ;

(ജി) എങ്കിൽ അവർ അത് പാലിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കിയിട്ടുണ്ടോ ;

(എച്ച്) ഇല്ലെങ്കിൽ ആയതിന് നിർദ്ദേശം നൽകി ഉത്തരവാകുമോ ?

ഉത്തരം

(എ) പുറപ്പെടുവിച്ചിട്ടുണ്ട്.

---

† അനുബന്ധം V

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)
8	എറണാകുളം		മൂവാറ്റുപുഴ
9	ഇടുക്കി		തൊടുപുഴ
10	കോട്ടയം		കാഞ്ഞിരപ്പള്ളി
11	ആലപ്പുഴ		മാവേലിക്കര
12	പത്തനംതിട്ട		തിരുവല്ല
13	കൊല്ലം		കരുനാഗപ്പള്ളി
14	തിരുവനന്തപുരം		നെടുമങ്ങാട്
15	തിരുവനന്തപുരം		ചിറയിൻകീഴ്

അനുബന്ധം V

[15-7-2003-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3 (2954)-ന്റെ ഉത്തരം ദയവായി കാണുക]

1. കാലവർഷക്കെടുതിമൂലം ബുദ്ധിമുട്ട് അനുഭവിക്കുന്നവർക്കും, പട്ടികവർഗ്ഗക്കാർക്കും, തോട്ടം തൊഴിലാളികൾക്കും വിതരണം ചെയ്യുന്നതിനായി 25,000 ടൺ അരി അനുവദിക്കുന്നതിനായി കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുക.

2. കാലവർഷക്കെടുതിമൂലം ഉണ്ടായ നഷ്ടം നികത്തുന്നതിനായി 25 കോടി രൂപ അനുവദിക്കുക.

3. വരൾച്ച ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് 1,022 കോടി രൂപയുടെ ധനസഹായം അനുവദിക്കുക.

4. പ്രകൃതിക്ഷോഭങ്ങളുടെ കാര്യത്തിൽ 50% നാശനഷ്ടം ഉണ്ടായാലേ കേന്ദ്രസഹായം ലഭിക്കുകയുള്ളു എന്ന കർക്കശ നിലപാട് മാറ്റാനും വരൾച്ച/വെള്ളപ്പൊക്ക സംസ്ഥാനമായി പ്രഖ്യാപിക്കുന്നതിന് നിലവിലുള്ള വ്യവസ്ഥകൾ ഭേദഗതി ചെയ്യുന്നതിനും കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുക.

5. തേയിലയുടേയും കാപ്പിയുടേയും എക്സൈസ് തീരുവ എടുത്തു കളയുക, തേയില കൃഷിക്കു റിസർവ് ബാങ്ക് വർക്കിംഗ് ഗ്രൂപ്പ് ശുപാർശ ചെയ്ത ആശ്വാസ നടപടികൾ നടപ്പിലാക്കുക.

6. പുനർക്കയറ്റുമതിക്കായുള്ള തോട്ടവിള ഇറക്കുമതികൾ താല്ക്കാലികമായി നിർത്തിവയ്ക്കുക.

LIBRARY ARCHIVES Kerala Legislative Assembly

7. തേയില വിൽപ്പനക്കാര്യത്തിൽ ഫർഗൂസൺ ശുപാർശകൾ നടപ്പിലാക്കുക.

8. തേയില കൃഷിക്കുള്ള വായ്പാ പരിധി ഉയർത്തുകയും പലിശ നിരക്ക് കുറയ്ക്കുകയും ചെയ്യുക.

9. സ്വാഭാവിക റബ്ബറിന്റെ ഇറക്കുമതി നിയന്ത്രണം തുടരുക.

10. ആദിവാസികൾക്ക് വിതരണം ചെയ്യുന്നതിനായി നിക്ഷിപ്ത വനഭൂമി ലഭ്യമാക്കുക.

11. എറണാകുളം-കോട്ടയം-കായംകുളം റെയിൽപ്പാതയും, എറണാകുളം-ആലപ്പുഴ-കായംകുളം റെയിൽപ്പാതയും ഇരട്ടിപ്പിക്കുന്നതിനും ഷൊർണ്ണൂർ-മംഗലാപുരം റെയിൽപ്പാത വികസിപ്പിക്കുന്നതിനും പ്രത്യേക പരിഗണന നൽകുക. റയിൽവേ വൈദ്യുതീകരണം ത്വരിതപ്പെടുത്തുക.

12. മംഗലാപുരം-ഷൊർണ്ണൂർ റെയിൽപ്പാത വൈദ്യുതീകരിക്കുക.

13. അങ്കമാലി-മധുര റെയിൽപ്പാതയും ഇടുക്കിയിൽ ഹിൽ ഹൈവേയും നടപ്പിലാക്കുക.

14. വല്ലാർപ്പാടം അന്തർദേശീയ കണ്ടെയിനർ ടെർമിനൽ പ്രോജക്ടിന്റെ പണി 2003-ൽ ഏപ്രിലിൽത്തന്നെ ആരംഭിക്കുക.

15. എൽ.എൻ.ജി. പെട്രോനെറ്റ് പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുക.

16. കോഴിക്കോട് വിമാനത്താവളം അന്തർദേശീയ വിമാനത്താവളമായി ഉയർത്തുക.

17. കണ്ണൂർ എയർപോർട്ടിന്റെ കാര്യത്തിൽ പ്രത്യേക പരിഗണന നൽകുക.

18. നാളീകേര ടെക്നോളജി മിഷന് കൂടുതൽ ഫണ്ട് ലഭ്യമാക്കുക. രോഗബാധിത തെങ്ങുകൾ മുറിച്ചുമാറ്റി രോഗപ്രതിരോധ ശേഷിയുള്ള പുതിയ ഇനം തെങ്ങുകൾ നട്ടുവളർത്തുന്നതിനുള്ള വ്യവസ്ഥകൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തുക.

19. ശാസ്ത്രീയമായി പഠനം നടത്തി നാളീകേരത്തിന്റെ തറവില വർദ്ധിപ്പിക്കുക. വർദ്ധിപ്പിച്ച തറവില കൃഷിക്കാർക്ക് ലഭ്യമാക്കുക.

20. റേഷനിംഗ് സമ്പ്രദായം നിലനിർത്തുക.

21. പമ്പാ ആക്ഷൻ പ്ലാൻ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുക.

22. ഡബ്ല്യു.റ്റി.ഒ. എഗ്രിമെന്റിനെപ്പറ്റി വിശദമായി പഠിച്ച് സംസ്ഥാനത്തിനുണ്ടായ ബുദ്ധിമുട്ടുകൾ കേന്ദ്രത്തെ ബോദ്ധ്യപ്പെടുത്തി അവ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുക.

LIBRARY ARCHIVES Kerala Legislative Assembly

23. കടലാക്രമണ പ്രതിരോധ പ്രവർത്തനത്തിനായി സാമ്പത്തിക സഹായം ലഭ്യമാക്കുക.

24. കയറിന് മിനിമം എക്സ്പോർട്ട് പ്രൈസ് നിശ്ചയിക്കുക.

25. ആലപ്പുഴ ബൈപ്പാസ് യാഥാർത്ഥ്യമാക്കണം.

26. പ്രധാനമന്ത്രിയുടെ ഗ്രാമ സഡക് യോജനയിൽ നിന്നും കൂടുതൽ തുക ലഭ്യമാക്കുക.

27. ഇടുക്കി, വയനാട് എഞ്ചിനീയറിംഗ് കോളേജുകൾക്ക് എ.ഐ.സി.റ്റി.ഇ.യുടെ അംഗീകാരം ലഭ്യമാക്കുക.

28. സംസ്ഥാനത്ത് ഒരു ഐ.ഐ.ടി. സ്ഥാപിക്കുക.

29. പാലക്കാട് ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് ആരംഭിക്കുന്നതിന് സൗജന്യമായി നൽകിയ സ്ഥലത്തിന്റെ വില, കമ്പനി ഇപ്പോൾ ഡിസ്ഇൻവെസ്റ്റ്മെന്റ് ചെയ്യാൻ തീരുമാനിച്ചതിനാൽ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടാൻ.

30. നെടുമ്പാശ്ശേരി അന്താരാഷ്ട്ര വിമാനത്താവളത്തിൽ യൂറോപ്പ്, അമേരിക്ക എന്നിവിടങ്ങളിൽ നിന്നുള്ള വിമാനക്കമ്പനികൾക്ക് സർവ്വീസ് നടത്തുവാൻ അനുമതി നൽകുക.

31. അംഗവൈകല്യം/ബുദ്ധിമാന്ദ്യമുള്ള കുട്ടികൾക്കായുള്ള സ്പെഷ്യൽ സ്കൂളുകൾക്ക് ഗ്രാന്റ് ലഭിക്കുന്നതിനുള്ള പദ്ധതി സംസ്ഥാനത്തെ സ്കൂളുകൾക്കും ലഭ്യമാക്കുക.

32. മണ്ണെണ്ണയുടെ ക്വാട്ട കുറയ്ക്കുന്നത് തടയുക.

33. അഗ്രി-എക്സ്പോർട്ട് പ്രൊസസിംഗ് സോൺ ആരംഭിക്കുന്നതിന് അനുമതി.

34. സംസ്ഥാനത്ത് ഒരു അന്തർദേശീയ സ്പോർട്ട്സ് കോംപ്ലക്സ് സ്ഥാപിക്കുന്നതിന് അനുമതി നൽകുക.

35. തിരുവനന്തപുരത്ത് സ്ഥിരമായി ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുക.

36. ബി.എസ്.എൻ.എൽ. നിരക്ക് വർദ്ധന മാറ്റിക്കിട്ടുന്നതിന്.

LIBRARY ARCHIVES Kerala Legislative Assembly